# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1751

16.06.2014-ൽ മറുപടിക്ക്

## അഴീക്കോട് ഹാർബറിന്റെ നിർമ്മാണം

ചോദ്യം — ഉത്തരം

| | ശ്രീ.വി.എസ്. സുനിൽ കുമാർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം പാതിവഴിയിൽ നിലച്ചുപോയതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | സുനാമി പുനരധിവാസ പദ്ധതിയിൽ മുനമ്പം ഫിഷറി ഹാർബറിന്റെ അഴീക്കോട് ഭാഗത്തെ വികസന പ്രവൃത്തിയ്ക്കുവേണ്ടി 11.09.07 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(ആർ.റ്റി) 584/2007/മതുവ. പ്രകാരം ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ആരംഭിച്ചു. ടി പ്രവൃത്തി പുരോഗമിച്ചു വരവേ നിർമ്മാണ സ്ഥലം മെസ്സേഴ്സ് സൗരാഷ്ട്ര സിമന്റ്സിന് ബി.ഒ.റ്റി. പ്രകാരം അനുവദിച്ചതാണെന്നും ആകയാൽ നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്ന് അപേക്ഷിച്ചുകൊണ്ട് മെസ്സേഴ്സ് സൗരാഷ്ട്ര സിമന്റ്സ് WP(C) 6145/2009 നമ്പരായി ഒരു പെറ്റീഷൻ ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചുവെങ്കിലും കേസിലെ മറ്റൊരു എതിർകക്ഷി യഥാസമയം സത്യവാങ്മൂലം ഫയൽ ചെയ്യാതിരുന്നതിനാൽ 13.07.09 ലെ ഉത്തരവ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു.ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ടി കേസ് ഇപ്പോഴും തീർപ്പാകാതെ തുടർന്നുവരുകയും ചെയ്യുന്നു. |
| (ബി) | പ്രവൃത്തി സ്റ്റേ ചെയ്യുന്നത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തി സ്റ്റേ ചെയ്യുന്നത് ഒഴിവാക്കുന്നതിന് ഗവൺമെന്റ് പ്ലീഡർ വഴി ശ്രമിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് ആലോചിക്കുന്നതിനായി ബഹു.വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് ആലോചിക്കുന്നതിനായി ബഹു.വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 7 യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (ഡി) | യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ഡി) | ലഭ്യമാക്കിയിട്ടുള്ള 5 മിനിറ്റ്സുകൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ 25.06.12 ൽ ചേർന്ന യോഗത്തിൽ M/s സൗരാഷ്ട്ര സിമന്റ്സുമായി തുറമുഖ വകുപ്പ് സെക്രട്ടറി ചർച്ച ചെയ്ത് സമവായത്തിലെത്താനുള്ള നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ (ഫയലിൽ തീരുമാനിച്ച) 02.07.12 ൽ തുറമുഖ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. 06.02.14 ന് ചേർന്ന യോഗത്തിൽ early posting ന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ AG യ്ക്ക് നിർദ്ദേശം നൽകാൻ തീരുമാനിക്കുകയുണ്ടായി. (ഫയലിൽ തീരുമാനിച്ച). |
| (ഇ) | പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ ? | (ഇ) | ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ പിൻവലിച്ചാൽ മാത്രമേ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള രണ്ട് കേസുകളിൽ സർക്കാർ Counter Affidavit ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്